# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1179**

**10.08.2017-ന് മറുപടിയ്ക്ക്**

## വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു. പ്രതിഭ ഹരി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| കായംകുളം അസംബ്ലി മണ്ഡലത്തിലെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി കായംകുളം ഗവ. ബോയ്സ് എച്ച് എസ് എസ്, രാമപുരം ഗവ. എച്ച് എസ് എസ്, ഭരണിക്കാവ് ഗവ. യു പി എസ് എന്നിവയുടെ വിശദമായ പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ? | 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി കായംകുളം നിയോജക മണ്ഡലത്തിലെ കായംകുളം ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായത്തിനും അംഗീകാരത്തിനുമായി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>രണ്ടാമത്തെ പദ്ധതിയായ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള രാമപുരം ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഭരണിക്കാവ് ഗവ.യു.പി.എസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ